**സംഗ്രഹം**

ധനകാര്യ വകുപ്പ്- വികസന ഫണ്ടിൽ നിന്നും നികുതികാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകയിരുത്തുന്ന വിഹിതത്തിന് 100% നികുതിയും പിരിച്ചെടുക്കുന്ന പ്രാദേശിക സർക്കാരുകൾക്കും അർഹത നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ - ബി) വകുപ്പ്**

**സ.ഉ(കയ്യെഴുത്ത്) നം. 63/14/ധന. തിരുവനന്തപുരം, തീയതി, 15-02-2014**

---

പരാമർശം: നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം ഭാഗ റിപ്പോർട്ടിലെ 11.1.21-ാം നമ്പർ ശുപാർശ.

**ഉത്തരവ്**

പരാമർശം 1-ലെ ശുപാർശ അനുസരിച്ച് നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി മൊത്തം വികസനഫണ്ടിന്റെ പരമാവധി 10% തുക പ്രാദേശിക സർക്കാരുകൾക്ക് നൽകി വരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് തനത് വരുമാനം 10% എങ്കിലും വർദ്ധിപ്പിക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് ഈ തുക വീതിച്ചു നൽകുന്നു. എന്നാൽ ഈ ശുപാർശ നടപ്പിലാക്കുന്നതിൽ ചില ബുദ്ധിമുട്ടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 90%-ൽ അധികം നികുതി പിരിവ് നടത്തിയിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് പിന്നീട് 10% വർദ്ധനവിന് സാദ്ധ്യതയില്ല. ഈ സാഹചര്യത്തിൽ ഏറ്റവും നന്നായി നികുതി പിരിവ് നടത്തിയിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് ടി ശുപാർശയുടെ ആനുകൂല്യം ലഭിക്കാതെ വരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വികസന ഫണ്ടിൽ നിന്നും, നികുതി കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകയിരുത്തുന്ന വിഹിതത്തിന്, ഡിമാൻഡ് ചെയ്യപ്പെട്ട നികുതി 100 ശതമാനവും പിരിച്ചെടുക്കുന്ന പ്രാദേശിക സർക്കാരുകൾക്കു കൂടി അർഹത ഉണ്ടായിരിക്കുന്നതും അത്തരം പ്രാദേശിക സർക്കാരുകളുടെ നികുതി വരുമാന വർദ്ധനവ് 10% എന്ന് സാങ്കല്പികമായി കണക്കാക്കുന്നതും ഇതിന് 2014-15 സാമ്പത്തിക വർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ് എന്ന് ഇതിനാൽ ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ആജ്ഞാനുസരണം)

**വി.സോമസുന്ദരൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്.എ/ എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.
പൊതു ഭരണ (എസ്.സി) വകുപ്പ് *(12.2.14ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 4895 പ്രകാരം)*
തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ് *(അനൗദ്യോഗിക ഫയൽ നം. 61104/എഫ്.എം 3/13/ത.സ്വ.ഭ.വ പ്രകാരം)*
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും *(പഞ്ചായത്ത് ഡയറക്ടർ മുഖേന).*
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും *(നഗരകാര്യ ഡയറക്ടർ മുഖേന)*
ധനകാര്യ(എസ്.എഫ്.സി സെൽ–എ/സി, ഡവലപ്മെന്റ് വിംഗ്, ബജറ്റ് വിംഗ്–ജെ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ